| 14-10-2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങൾ പഠിപ്പിന് വളരെയധികം മൂല്യം കൽപിക്കണം. രോഗിയാണ്, മരിക്കാറായി എങ്കിലും ക്ലാസ്സിലിരിക്കണം, പറയാറുണ്ട് ജ്ഞാനാമൃതം വായിലുള്ളപ്പോഴാണ് ശരീരം ഉപേക്ഷിക്കേണ്ടത്.**

**ചോദ്യം:-** പല കുട്ടികളും ബാബയിൽ നിന്നും മുഖം തിരിക്കുന്നതിന് നിമിത്തമാകുന്നു, എപ്പോൾ? എങ്ങനെ?
**ഉത്തരം:-** ചിലർ സഹോദരി-സഹോദരന്മാരോട് പിണങ്ങിക്കൊണ്ട് പഠിത്തം ഉപേക്ഷിക്കുകയും ഗുരുവിന്റെ നിന്ദകർ ആകുകയും ചെയ്യുന്നു, അവരെ കണ്ടുകൊണ്ട് അനേകർ ബാബയിൽ നിന്നും മുഖം തിരിക്കുന്നു. ഇന്ന് നന്നായി പഠിക്കുകയും നാളെ പഠിത്തം ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ മറ്റുള്ളവരോട് നിങ്ങൾ പഠിക്കൂ എന്ന് പറയാർ കഴിയില്ല. അത്തരം കുട്ടികൾ ഉയർന്ന പദവിയിൽ നിന്നും വഞ്ചിതരാകുന്നു.

**ഗീതം:-** സഭയിൽ ജ്വലിച്ചുയർന്ന ദീപം...

**ഓം ശാന്തി**. ഗീതത്തിന്റെ അർത്ഥം കുട്ടികൾ മനസ്സിലാക്കി - ഈ ഗീതം നിർമ്മിച്ചവർ അതിന്റെ അർത്ഥം അറിയുന്നില്ല. നോക്കൂ എത്രയോ വേദ, ശാസ്ത്ര, ഉപനിഷത്തുകൾ നിർമ്മിക്കപ്പെട്ടു, എന്നാൽ ഒരാൾ പോലും യഥാർത്ഥ അർത്ഥം അറിയുന്നില്ല. യഥാർത്ഥ അർത്ഥം അറിയാത്തതിനാൽ സമയവും വേസ്റ്റ് ആകുന്നു, ധനവും വേസ്റ്റ് ആകുന്നു. ബാബ മനസിലാക്കി തരികയാണ് നിങ്ങൾ വളരെയധികം ക്ഷേത്രങ്ങളും വേദങ്ങളും ഉപനിഷത്തുക്കളും നിർമ്മിച്ചു, യജ്ഞ-ജപ-തപങ്ങൾ ചെയ്തു, എത്രയോ പണം ചെലവ് ചെയ്തു. ആരാണോ ജീവിച്ചിരിക്കെ മരിച്ച് ബാബയുടേതാകുന്നത് അവർക്കാണ് ബാബ ഇവ മനസ്സിലാക്കി തരുന്നത്. അപ്പോൾ നിങ്ങൾ ബാബയുടേതായിരിക്കുന്നുവെങ്കിൽ നിങ്ങൾ ജീവിച്ചിരിക്കെ മരിച്ചവർ ആണ്. അങ്ങനെയെങ്കിൽ ഇപ്പോൾ തന്നെ ബാബയോടൊപ്പം പോകുന്നതിന് തയ്യാറാകണം. അവിടെ നിങ്ങളുടെ ബർത്ത്ഡേ, വാർഷികം എന്നിവ ആഘോഷിക്കില്ല. ഇവിടെ ഗാന്ധിയുടേത് എത്ര ആർഭാടമായി ആഘോഷിക്കുന്നു. ഇങ്ങനെ അല്ല, ശിവബാബ ജ്ഞാനം നൽകി പോകുകയും പിന്നീട് സത്യയുഗത്തിൽ നിങ്ങൾ ബാബയുടെ ജയന്തി ആഘോഷിക്കുകയൊന്നും ചെയ്യുന്നില്ല. അര കൽപത്തേക്ക് ആര് ദേഹം വെടിഞ്ഞാലും അവരുടെ മരണാനന്തര കർമ്മങ്ങളോ വാർഷികമോ ആചരിക്കുന്നില്ല. ഗോദാനം ചെയ്യുക, പിതൃക്കളെ കഴിപ്പിക്കുക, ഇവയൊന്നും സംഭവിക്കില്ല, എന്തെന്നാൽ ദാനം ചെയ്യുന്നത് അടുത്ത ജന്മത്തിൽ നേടുന്നതിന് വേണ്ടിയാണ്. സത്യയുഗത്തിൽ നിങ്ങൾ ഈ സമയം ചെയ്യുന്നതിന്റെ പ്രാലബ്ധമാണ് അനുഭവിക്കുന്നത്. അതിനാൽ ഭക്തിയുടെ ആചാര രീതികളും ജ്ഞാനത്തിന്റെ ആചാര രീതികളും തമ്മിൽ അന്തരമുണ്ട്. വിശാലബുദ്ധികൾ ആയിട്ടുള്ളവർ ഈ കാര്യങ്ങൾ മനസ്സിലാക്കും എന്ന് മാത്രമല്ല ആരാണോ കൽപ മുൻപും വിശാലബുദ്ധികൾ ആയിരുന്നവർ അവർ മാത്രമേ ഇപ്പോഴും ആകുന്നുള്ളു, എന്തെന്നാൽ വീണ്ടും അതേ പാർട്ട് തന്നെയാണ് ചെയ്യാനുള്ളത്.

ഗീതം കേട്ടു, നാലുപാടും ചുറ്റിക്കറങ്ങി... എന്നിട്ടും എത്രയോ ദൂരെത്തന്നെ... ബാബ പറയുന്നു നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ എത്ര തലതല്ലിയതാണ്, എന്നിട്ടും എന്നെ നേടാൻ കഴിഞ്ഞില്ല എന്തെന്നാൽ ഞാൻ എപ്പോൾ വരുന്നുവോ അപ്പോഴേ എന്നെ നേടാൻ കഴിയുള്ളൂ. കല്പകല്പം സംഗമയുഗത്തിൽ മാത്രമാണ് ഞാൻ വരുന്നത്. ലോകർ പറയുന്നു പരമാത്മാവ് ഓരോ യുഗത്തിലും വരുന്നു എന്ന്. പിന്നെ പറയുന്നു പരമാത്മാവിനു 24 അവതാരങ്ങൾ ഉണ്ടെന്ന്. എന്നാൽ അത് തെറ്റല്ലേ. എന്നെ വിളിക്കുകയാണ് പതീതാപാവനാ വരൂ, വന്ന് പതീതരെ പാവനരാക്കൂ. അപ്പോൾ നിങ്ങളുടെ യുദ്ധം മായാരാവണന് എതിരെയാണ്. നിങ്ങളുടേത് ഏതെങ്കിലും സ്ഥൂലമായ യുദ്ധമല്ല. നിങ്ങൾ രാവണന് മേൽ വിജയം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. അതിലും മുഖ്യ യോദ്ധാവ് ആരാണ്? കാമം. അപ്പോൾ ഈ വികാരത്തിനുമേൽ വിജയം നേടണം, അർത്ഥം പവിത്രമാകണം. എപ്പോഴാണോ സ്വയം പവിത്രമായി മാറുന്നത് അപ്പോൾ കുട്ടികളെയും പവിത്രമാക്കേണ്ടിയിരിക്കുന്നു, അങ്ങനെ അവരും വിശ്വത്തിന് അധികാരിയായി തീരും. അഥവാ ഇപ്പോഴാണ് നിങ്ങൾ അവർക്ക് സമ്പത്ത് നൽകുന്നതെങ്കിൽ എന്ത് നൽകും? കല്ലും മണ്ണും നൽകും. ശരി നോക്കൂ, അമേരിക്ക എന്താണ്? കല്ലും മണ്ണും. എന്തെന്നാൽ സർവ്വതും അവസാനിക്കാൻ പോകുകയാണ്. നോക്കൂ എങ്ങനെയാണ് മരിക്കുന്നത്? പർവ്വതങ്ങളിൽ മഞ്ഞിന്റെ കൊടുങ്കാറ്റ് വീശുമ്പോൾ പക്ഷികളും മറ്റും സർവ്വം ചത്ത് പോകും. എന്നാൽ അങ്ങനെ തന്നെയാണ് ഈ ബോംബുകളുടെ കൊടുങ്കാറ്റും. തീർത്തും മരിച്ചുവീണുകൊണ്ടേയിരിക്കും കൊതുകിൻ കൂട്ടങ്ങൾ എന്നപോലെ. എങ്ങനെയാണ് എല്ലാവരും മരിച്ചുകൊണ്ടിരിക്കുന്നത് എന്ന് നാം കാണും, എന്നത് നിങ്ങൾക്ക്

അറിയാവുന്നതാണ്. യുദ്ധത്തിൽ നോക്കൂ എത്ര പേരാണ് മരിക്കുന്നത്. ഇവിടെ മരണം എല്ലാവരുടേയും തലയ്ക്ക് മുകളിൽ ഉണ്ട്. സത്യയുഗത്തിൽ മരണ ഭയം ഉണ്ടാകുന്നില്ല, എന്തെന്നാൽ അവിടെ അകാലമരണങ്ങൾ ഒന്നും സംഭവിക്കില്ല. അപ്പോൾ ബാബ അങ്ങനെയുള്ള ലോകത്തേക്കാണ് കൊണ്ടുപോകുന്നത്. അതിനാൽ അങ്ങനെയുള്ള ബാബയുടെ ശ്രീമതപ്രകാരം നടക്കണം. ഇത് സുപ്രീം ടീച്ചർ കൂടിയാണ്, അതുകൊണ്ട് കുട്ടികൾ പഠിത്തത്തിൽ പരിപൂർണ്ണമായ ശ്രദ്ധനൽകണം. ഒരുപാട് പേരുണ്ട് പഠിപ്പിന് വില കൊടുക്കാത്തവർ . മനസിലാക്കൂ ആർക്കെങ്കിലും കടുത്ത അസുഖം ബാധിച്ചു, മരിക്കാൻ പോകുകയാണ്, എങ്കിലും അവരെയും കൂടെ ക്ലാസ്സിൽ കൊണ്ടുവരണം. പറയാറുണ്ടല്ലോ ജ്ഞാനാമൃതം വായിലുണ്ടായിരുന്നു, ഗംഗയുടെ തീരത്തായിരുന്നു.... അപ്പോഴാണ് പ്രാണൻ ദേഹം വെടിഞ്ഞത്. അപ്പോൾ പഠിത്തത്തെ അത്രയും ബഹുമാനിക്കണം. അഥവാ നിസ്സഹായ അവസ്ഥയാണ് ക്ലാസ്സിലേക്ക് കൊണ്ടുവരാൻ കഴിയില്ലായെങ്കിൽ അവരുടെ വീട്ടിൽ വെച്ചുതന്നെ ശിവബാബയുടെ ഓർമ്മ ചെയ്യിക്കണം. എന്നാൽ പഠിത്തത്തിൽ കുട്ടികൾക്ക് പൂർണ്ണമായ ശ്രദ്ധയില്ല. ബാബ പറയുന്നു രജിസ്റ്റർ കൊണ്ടുവരൂ അപ്പോൾ എനിക്ക് മനസ്സിലാകും ആര് ഏതുവരെ പഠിച്ചു എന്ന്, കൂടാതെ ബാബ ചോദിക്കുന്നു ഇത് സ്വയം പഠിച്ചുകൊണ്ടുതന്നെയാണോ മറ്റുള്ളവരെ പഠിപ്പിക്കുന്നത്? എന്തെന്നാൽ ഈയൊരു ജോലിയിൽ നിന്നു മാത്രമേ സമ്പാദ്യം ഉണ്ടാകുകയുള്ളൂ. മറ്റെല്ലാ തൊഴിലുകളിൽ നിന്നും ഉണ്ടാകുന്നത് പൊടിയാണ്. ആ ബ്രാഹ്മണരുടെ കക്ഷത്തിൽ ഉള്ളത് വേദമാണ്, നിങ്ങളുടെ പക്കൽ സത്യമാണുള്ളത്. നിങ്ങൾ സത്യഖണ്ഡത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ മേൽ വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്, അതിനാൽ ശ്രദ്ധാലുവായിരിക്കണം. പ്രയത്നമുണ്ട്, പഠിക്കുന്നതിന്റേയും പഠിപ്പിക്കുന്നതിന്റേയും. കേവലം പഠിച്ചാൽ മാത്രം മതി, എന്നല്ല. നിങ്ങൾ പ്രവൃത്തിമാർഗ്ഗത്തിലുള്ളവരാണ്, 8 മണിക്കൂർ വീട്ടിലെ ജോലി ചെയ്യൂ. ഗവണ്മെന്റും ഉത്തരവിറക്കിയിട്ടുണ്ടല്ലോ 8 മണിക്കൂർ ജോലി ചെയ്യണമെന്ന്. പണ്ടൊക്കെ പുറത്തുനിന്നുള്ള വലിയ കപ്പലുകൾ രാത്രിയിൽ വന്നുചേരുമ്പോൾ മുഴുവൻ രാത്രിയും കടകൾ തുറന്നു പ്രവർത്തിക്കുമായിരുന്നു. നിങ്ങൾക്കും വീട്ടുജോലിയിൽ നിന്നും സ്വതന്ത്രമായി ഈ സേവനത്തിൽ മുഴുകണം. സർവീസ് ചെയ്യേണ്ടത് എങ്ങനെ എന്ന് ഗവണ്മെന്റ് തന്നെ പഠിപ്പിക്കുന്നു. കഴിക്കാനും കുടിക്കാനും തരുന്നു അതുകൊണ്ട് അവരുടെ സർവീസും ചെയ്യുന്നു. ഇവിടെയും നിങ്ങളെ ബാബ പഠിപ്പിക്കുകയാണ് എന്തെന്നാൽ നിങ്ങൾ ഓൺ ഗോഡ്‌ലി സർവീസ് (ഈശ്വരീയ സേവനം)ചെയ്യണം. ഒൺലി സർവീസ് അല്ല. ഒൺലി ആയാൽ തന്റെ ബുദ്ധിയുടെ മാത്രം, സ്വയത്തെ പവിത്രമാക്കുക. എന്നാൽ നമുക്ക് ഭാരതത്തെ സ്വർഗ്ഗമാക്കേണ്ടതാണ്. അപ്പോൾ നിങ്ങളുടെ മേൽ വളരെയധികം ഉത്തരവാദിത്വം ഉണ്ട്. ആ സേനയിലുള്ളവർക്കും ഉത്തരവാദിത്വം ഉണ്ടല്ലോ. ചീഫ് കമാൻഡർ, ക്യാപ്റ്റൻ എന്നിവർക്ക് അധികചുമതല ഉണ്ടായിരിക്കും. ഇവിടെയും അങ്ങനെ തന്നെയാണ്. ഏത് നല്ലനല്ല കുട്ടികളാണോ സെന്റർ തുറക്കുന്നത് അവർ കമാൻഡർ ആയിത്തീരുന്നു. അപ്പോൾ അവരിൽ ഉത്തരവാദിത്വം ഉണ്ട്. എന്നാൽ നാം ഓരോരുത്തരും സർവീസിനു പകരം എവിടെയെങ്കിലും ഡിസ്സർവീസ് ചെയ്യുന്നുണ്ടോ എന്ന് നോക്കണം. ഒരുപാട് കുട്ടികൾ സഹോദരി സഹോദരന്മാരോട് പിണങ്ങി പഠിത്തം ഉപേക്ഷിക്കുന്നു. ഇത് മനസ്സിലാക്കുന്നില്ല എന്തെന്നാൽ പഠിത്തം ഉപേക്ഷിക്കുന്നതിലൂടെ ഗുരുനിന്ദകർക്ക് ഗതി കിട്ടുകയില്ല അർത്ഥം സത്യയുഗത്തിൽ ഉയർന്ന പദവി ലഭിക്കുന്നില്ല. ഇവിടെ ബാബ കുട്ടികളുടെ രജിസ്റ്റർ ആവശ്യപ്പെടുന്നു, അതിലൂടെ മനസ്സിലാക്കുന്നു. ഏതുപോലെ അച്ഛനും ടീച്ചറും സ്കൂളിലെ രജിസ്റ്റർ നോക്കി മനസ്സിലാക്കാറുണ്ട് കുട്ടി എത്രത്തോളം പഠിച്ചിട്ടുണ്ടാകും! പലകുട്ടികളും മുഴുവൻ ദിവസവും കളിച്ചു നടക്കുകയും പിന്നെ സ്കൂൾ വിടുന്ന സമയം വീട്ടിൽ വരുന്നത് ഞങ്ങൾ പഠിച്ചിട്ടു വന്നു എന്ന മട്ടിലാണ്. പലരുടെയും അച്ഛനമ്മമാർ രജിസ്റ്റർ പോലും നോക്കാറില്ല, അതിനാൽ അവരെ മനസിലാക്കാനും കഴിയുന്നില്ല. ചിലരുടെ അച്ഛനമ്മമാർ ശ്രദ്ധയോടെ ആണ് ഇരിക്കുന്നത് അതിനാൽ കുട്ടി നല്ല രീതിയിൽ പഠിക്കുന്നു. ഇവിടെ ശിവബാബ അന്തർയാമിയാണ്. സാകാരത്തിന് രജിസ്റ്റർ കാണിക്കേണ്ടിവരുന്നു. കുട്ടികൾ പറയുന്നു ബാബാ ഇങ്ങനെയുള്ള കൊടുങ്കാറ്റ് വരുന്നു. ബാബ പറയുന്നതെന്തെന്നാൽ ഈ കൊടുങ്കാറ്റ് വരുക തന്നെ ചെയ്യും. ഈ കൊടുങ്കാറ്റുകളെല്ലാം ആദ്യം എന്റെയടുത്ത് തന്നെയാണ് വരുന്നത്, എന്തെന്നാൽ ഇവയുടെ അനുഭവം ഇല്ലാതെ കുട്ടികൾക്ക് എങ്ങനെ മനസ്സിലാക്കികൊടുക്കും. ശരി, നിങ്ങളെ മായ രാത്രി മുഴുവനും ഉപദ്രവിച്ചു, ഉറങ്ങാൻ പോലും അനുവദിച്ചില്ല, സമയം നഷ്ടപ്പെടുത്തി! ഇതെല്ലം അതിന്റെ ദൗത്യമാണ്, തീർച്ചയായും കൂട്ടിയിടിപ്പിക്കും. നിങ്ങൾക്കുള്ള കർമ്മം ഇതാണ് ബാബയെ അത്രത്തോളം ഓർമ്മിച്ച് മായയെ ഓടിക്കുക. പല കുട്ടികളും അൽപമെങ്കിലും മായ വന്നാൽ ഓടിപ്പോകുന്നു, വൈദ്യന്മാർ പറയാറില്ലേ ഈ മരുന്ന് കഴിച്ചാലുടൻ അസുഖം ഇളകിമറിയും എന്ന്, അതുപോലെയാണ് ചില കുട്ടികൾ രോഗം അല്പം ഇളകിമറിഞ്ഞാൽ ആ വൈദ്യനെ ഉപേക്ഷിച്ച് മറ്റൊരാളുടെ അടുത്ത് പോകും. ഇവിടെയും അങ്ങനെയാണ്. ജ്ഞാനം ഉപേക്ഷിച്ച് സന്യാസിമാരുടെ അടുത്ത് പോകുന്നു. പിന്നീട് പറയും എല്ലാവരും പറയുന്നു ഗൃഹസ്ഥവ്യവഹാരത്തിൽ ഇരിക്കണം, വിവാഹം കഴിക്കണം എന്ന്. താങ്കൾ പറയുന്നുണ്ടല്ലോ വിവാഹം കഴിച്ച് പവിത്രമായിരിക്കാൻ. ഇതെന്തൊരു കഷ്ടമാണ്! നിങ്ങൾ പറയുന്നു

നമുക്ക് ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് രാജാ ജനകനെ പോലെ ജീവന്മുക്തി നേടണം എന്ന്, അപ്പോൾ പിന്നെ പ്രവൃത്തിയിൽ പവിത്രമായിരിക്കേണ്ടി വരും. ചിലർ പിന്നെ പറയാറുണ്ട് കാര്യം ഒക്കെ ശരിയാണ്. എന്നാൽ ലക്ഷ്യം വളരെ ഉയർന്നതല്ലേ. അങ്ങനെ പറഞ്ഞ് ഭയപ്പെടുന്നു. ഉയരത്തിൽ പോകുക തന്നെ വേണ്ടേ. ദിൽവാഡ ക്ഷേത്രത്തിലും ഉണ്ട് എന്തെന്നാൽ താഴെ തപസ്യ ചെയ്തുകൊണ്ടിരിക്കുന്നു, മുകളിൽ അതിന്റെ പ്രാലബ്ധമായ സ്വർഗ്ഗവും കാണാം. അപ്പോൾ ലക്ഷ്യം ഉയർന്നത് തന്നെയാണ്. പറയാറില്ലേ കയറികഴിഞ്ഞാൽ നേടാം പ്രേമരസം അഥവാ വൈകുണ്ഠ രസം, വീണാലോ തവിടുപൊടി, അതിനാൽ വളരെ ശ്രദ്ധയോടെ പോകണം. ഭയക്കരുത്.

പറയുന്നു ഇവർ ഗീതയുടെ അധികാരിയാണ്. ഗീത ഇന്നത്തെ കാലത്ത് പലതുണ്ട്. ടാഗോർ ഗീത, ഗാന്ധി ഗീത, മുതലായവ... ഇക്കാലത്ത് ചിലർ വീട്ടിൽ നിന്ന് പിണങ്ങിപ്പോയി ഗീതാവ്യാഖ്യാനം ചെയ്ത് തന്റെ പേര് ചേർക്കുകയും ചെയ്യാറുണ്ട്. ഒരു ഗീതയിൽ എഴുതിയിരിക്കുന്നത് എന്തെന്നാൽ വഴുതന തിന്നാൽ ഇന്നത് സംഭവിക്കും, വെണ്ടക്ക തിന്നാൽ ഇന്നത് സംഭവിക്കും... ഈ ബാബയും ദിവസവും ഗീതയുടെ പാഠങ്ങൾ വായിക്കുമായിരുന്നു. എവിടെ പോയിരുന്നാലും, രാജാക്കന്മാരുടെ അടുത്തും പോകുമായിരുന്നു അപ്പോൾ ഗീതാപാരായണവും ചെയ്തിരുന്നു. മനുഷ്യർ മനസ്സിലാക്കുന്നു ഭക്തർ വഞ്ചിക്കില്ല എന്ന്. എന്നാൽ ഭക്തർ വഞ്ചിക്കുന്നതുപോലെ മറ്റാരും ചെയ്യാറില്ല. അപ്പോൾ ബാബ പറയുന്നു മക്കളേ പഠിത്തം ഉപേക്ഷിക്കരുത്. ഇല്ലെങ്കിൽ മായയാകുന്ന പെരുമ്പാമ്പ് വിഴുങ്ങും, പിന്നീട് പശ്ചാത്തപിക്കേണ്ടിവരും. ധർമ്മരാജപുരിയിൽ ഓരോരോ ജന്മത്തേയും സാക്ഷാത്കാരം കണ്ട് ശിക്ഷകൾ അനുഭവിക്കുമെന്ന് പറയേണ്ടതില്ല. മുക്തിയോ ജീവന്മുക്തിയോ ഒരു മനുഷ്യരും അറിയുന്നേയില്ല, എന്തെന്നാൽ അവർ മനസ്സിലാക്കുന്നത് സുഖമെന്നാൽ കാക്കകാഷ്ട സമാനമാണ് എന്നാണ്. വിചാരിക്കുന്നു സ്വർഗ്ഗത്തിലെ സുഖവും അങ്ങനെ തന്നെയാണ് എന്ന്, എന്തെന്നാൽ കേട്ടിരിക്കുന്നത് ത്രേതോയുഗത്തിലാണല്ലോ സീത അപഹരിക്കപ്പെട്ടത് അതിനാൽ അവിടെയും ദു:ഖമുണ്ട്. ഇപ്പോൾ നിങ്ങൾ അറിയുന്നു സ്വർഗ്ഗത്തിൽ അങ്ങനെയുള്ള കാര്യങ്ങൾ ഒന്നും സംഭവിക്കില്ല. ഇത് ഭാരതത്തിന്റെ തന്നെ കഥയാണ്. മറ്റ് ധർമ്മത്തിലുള്ളവർ ഈ ഡ്രാമയുടെ ഉള്ളിലെ ഉപകഥാപാത്രങ്ങളാണ്. ഭാരതവാസികൾ മാത്രമാണ് 84 ജന്മം ഉള്ളവർ, മറ്റു ധർമ്മത്തിലുള്ളവർ 84 ജന്മങ്ങൾ എടുക്കുന്നില്ല. പറയാറുണ്ട് ആത്മാവും പരമാത്മാവും അനേകകാലം പിരിഞ്ഞിരുന്നു... ഇപ്പോൾ ഇതിന്റെ അർത്ഥവും അറിയുന്നില്ല. പാടിക്കൊണ്ടേയിരിക്കും, അൽപം പോലും അറിയുന്നില്ല. ഈ ബ്രഹ്മാവും ബെഗർ (ഭിക്ഷു) ആയിരുന്നല്ലോ, ഇദ്ദേഹവും ഒരുപാട് ഗുരുഭക്തി ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ എല്ലാം വഞ്ചനയായിരുന്നു. അപ്പോഴല്ലേ ബാബ പറയുന്നത് സർവ്വ ധർമ്മാൻ പരിത്യജ്യ... അവർ ഇതിന്റെ അർത്ഥം ഒട്ടുംതന്നെ അറിയുന്നില്ല. ഇനി ഗീത വായിച്ചാലും അത് കാട്ടുതത്തയെ പോലെ. നിങ്ങൾ കണ്ഠത്തിലെ വിജയമാലയിൽ കോർക്കപ്പെടും. ലോകർ ഈ കാര്യങ്ങൾ എന്തറിയുന്നു. അവർക്ക് നിങ്ങൾ ലിറ്ററേച്ചർ (നോട്ടീസ്, ബുക്ക്...) എന്തെങ്കിലും നൽകിയാൽ വലിച്ചെറിയുന്നു. അവർ ജ്ഞാനരത്നങ്ങളെ പറ്റി എന്തറിയുന്നു. നിങ്ങൾ ഏത് കുട്ടികളാണോ കൽപം മുൻപ് ദേവതാധർമ്മത്തിൽ ഉണ്ടായിരുന്നത് അവർ തന്നെയാണ് ഇപ്പോൾ ബ്രാഹ്മണർ ആയത്. ആരാണോ ഇപ്പോൾ ദേവതയാകുന്നത് അവർ തന്നെയാണ് കൽപകൽപം സംഖ്യാക്രമ പുരുഷാർത്ഥം അനുസരിച്ച് ദേവതയാകുന്നത് അല്ലാത്തപക്ഷം ദേവതയാകാൻ കഴിയില്ല. ഈ തൈ നടീൽ നടന്നുകൊണ്ടിരിക്കുകയാണ്. ആ ഗവണ്മെന്റ് മുള്ളുകളുടെ തൈകളാണ് നടുന്നത്. ഇവിടെ പാണ്ഡവരുടെ ഗവണ്മെന്റ് നടുന്നത് ദേവതാ ധർമ്മത്തിന്റെ തൈകളാണ്. എത്ര വ്യത്യാസമാണുള്ളത്. എപ്പോഴാണോ ദേവതാ ധർമ്മത്തിന്റെ തൈ നടൽ പൂർത്തിയാകുന്നത് അപ്പോൾ തന്നെയാണ് ഈ പഴയ ലോകത്തിന്റെ വിനാശവും ഉണ്ടാകുന്നത്. എന്നാൽ വിനാശത്തിന്റെ ലക്ഷണങ്ങൾ നിങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്, എങ്ങനെയാണ് യാദവരും കൗരവരും തമ്മിൽ യുദ്ധമുണ്ടാകുന്നത്, അത് ഡ്രാമാനുസരിച്ചാണ്, നത്തിംഗ് ന്യൂ. ഒന്നും പുതിയ കാര്യമല്ല. അല്ലെങ്കിൽ എന്തുകൊണ്ടാണ് പറയുന്നത് രക്തത്തിന്റെ നദികൾ ഒഴുകും എന്ന്. ഏതെങ്കിലും ഹിന്ദുക്കൾ പരസ്പരം യുദ്ധം ചെയ്യുന്നതല്ല. ഈ യുദ്ധം യാദവരുടേയും കൗരവരുടെയും ആണ്, നമ്മളും ഈ യുദ്ധത്തിൽ ഉണ്ട്. നമ്മൾ യുദ്ധത്തിലാണ്. ഏതുപോലെ യുദ്ധം ശരിയായ ദിശയിൽ നടക്കുന്നുണ്ടോ ഇല്ലയോ എന്ന് അവിടെ കമാൻഡർ നോക്കികൊണ്ടിരിക്കാറുണ്ട്, ആരും ചതിയന്മാർ അല്ലല്ലോ! ചതിയന്മാർക്ക് വളരെ കടുത്ത ശിക്ഷകൾ ഉണ്ടായിരിക്കും. ഇവിടെയും അങ്ങനെയാണ്. അഥവാ ആരെങ്കിലും ബാബയുടേതായിട്ട് വഞ്ചകർ ആകുകയാണെങ്കിൽ ധർമ്മരാജപുരിയിൽ വളരെ കടുത്ത ശിക്ഷ ലഭിക്കുന്നു. കുട്ടികൾ സാക്ഷാത്കാരവും ചെയ്തിട്ടുണ്ട്. കാശി കൽവട്ടിൽ ബലിയർപ്പിതമാകുന്ന സമയത്ത് അനേക ജന്മത്തെ പാപങ്ങളുടെ ശിക്ഷ അനുഭവിക്കുന്നു. പിന്നീട് അടുത്ത ജന്മത്തിൽ തുടക്കം മുതൽ കർമ്മങ്ങൾ ആരംഭിക്കുന്നു. മുക്തിയിലേക്കൊന്നും ആരും പോകുന്നില്ല. പറയാറുണ്ട് ഇന്നയാൾ നിർവാണം പ്രാപിച്ചു. എന്നാൽ ആരും തന്നെ പോകുന്നില്ല. ബാബയെ വിളിക്കുകയാണ് പതീതപാവനാ വരൂ എന്ന്. സർവ്വരുടേയും സത്ഗതിദാതാവ് ഒരാൾ തന്നെയാണ്. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. ബാബ വരുകയാണ് എങ്കിൽ

ഒരുപാടുപേർക്കു ഗതിയും സത്ഗതിയും നൽകിയിട്ടാണ് പോകുന്നത്. പരമാത്മാവ് ഇപ്പോൾ ഉത്തരവ് ഇറക്കിയിരിക്കുകയാണ് എന്തെന്നാൽ പവിത്രമാക്കൂ. പറയും, ലോകം എങ്ങനെ മുന്നോട്ട് പോകും. എന്നാൽ നിങ്ങൾ പറയും കഴിക്കുവാനുള്ളത് ഇല്ലല്ലോ, പ്രജകൾ കുറയേണ്ടത് ആവശ്യമാണ് എന്നിട്ടും പറയുന്നു ലോകം എങ്ങനെ മുന്നോട്ടു പോകുമെന്ന്. നിങ്ങൾ കുട്ടികൾ നല്ലരീതിയിൽ മനസ്സിലാക്കി കൊടുക്കണം. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ ലഭിച്ച കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) വീട്ടിലെ ജോലികൾ ചെയ്തുകൊണ്ടും സമയം കണ്ടെത്തി ആത്മീയ സേവനം തീർച്ചയായും ചെയ്യണം. സേവനം വർദ്ധിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വമുള്ളയാളാണ് എന്ന് സ്വയം മനസ്സിലാക്കണം. ഡിസ്സർവീസ് ചെയ്യരുത്.

2) പഠിപ്പിക്കുന്നവൻ സ്വയം സുപ്രീം ടീച്ചർ ആണ് അതിനാൽ പഠിപ്പിനോട് വളരെയധികം ആദരവുണ്ടാകണം. എങ്ങനെയുള്ള അവസ്ഥയിലും പഠിത്തം മുടക്കരുത്.

### വരദാനം :- ഏകാഗ്രതയുടെ അഭ്യാസത്തിലൂടെ മനസ്സിനെയും ബുദ്ധിയെയും അനുഭവങ്ങളുടെ സീറ്റിൽ സെറ്റാക്കുന്ന നിർവ്വിഘ്നരായി ഭവിക്കൂ

ഏകാഗ്രതയുടെ ശക്തി സഹജമായും നിർവ്വിഘ്നമാക്കുന്നു. ഇതിന് വേണ്ടി മനസ്സിനെയും ബുദ്ധിയെയും ഏതെങ്കിലും അനുഭവത്തിന്റെ സീറ്റിൽ സെറ്റാക്കൂ. ഏകാഗ്രതയുടെ ശക്തി സ്വതവേ തന്നെ ഒരു ബാബ രണ്ടാമതൊരാളില്ല - ഈ അനുഭൂതി ചെയ്യിക്കുന്നു. ഇതിലൂടെ സഹജമായി തന്നെ ഏകരസ സ്ഥിതി ഉണ്ടാകുന്നു. സർവ്വരെ പ്രതിയും മംഗളത്തിന്റെ വൃത്തിയുണ്ടാകുന്നു, ഏകാഗ്രതയുടെ അഭ്യാസത്തിലൂടെ ഭായി- ഭായി ദൃഷ്ടി ഉണ്ടായിരിക്കുന്നു. അവരെ ഒരിക്കലും ഒരു ദുർബല സംസ്ക്കാരം, ഏതെങ്കിലും ആത്മാവ് അല്ലെങ്കിൽ പ്രകൃതി, ഏത് പ്രകാരത്തിലുമുള്ള റോയൽ മായക്കും അപ്സെറ്റാക്കാൻ സാധിക്കില്ല.

### സ്ലോഗൻ:- സെക്കന്റിൽ വിസ്താരത്തെ സാരത്തിൽ ഒരുക്കുന്നതിന്റെ അഭ്യാസം തന്നെയാണ് അന്തിമ സർട്ടിഫിക്കേറ്റ് നേടിത്തരിക.